**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 20.03.2025

# ഭൂനികുതി സ്വീകരിക്കുന്നതിന് കൈക്കൂലി വില്ലേജ് ഓഫീസറെ കഠിന തടവിന് ശിക്ഷിച്ചു.

കണ്ണൂർ ജില്ലയിലെ ന്യൂ നടുവിൽ വില്ലേജിലെ മുൻ വില്ലേജ് ഓഫീസറും നിലവിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണൂർക്കര വില്ലേജ് ഓഫീസറുമായ കെ.വിനോദ് ഭൂനികുതി സ്വീകരിക്കുന്നതിന് 2,000/- രൂപ കൈക്കൂലി വാങ്ങവേ കണ്ണൂർ വിജിലൻസ് യൂണിറ്റ് കൈയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി ഏഴ് വർഷം കഠിന തടവിനും 50,000/-രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (20.03.2025) തലശ്ശേരി വിജിലൻസ് കോടതി ശിക്ഷിച്ചു.

കണ്ണൂർ ജില്ലയിലെ ന്യൂ നടുവിൽ വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസറായിരുന്ന കെ.വിനോദ്, പരാതിക്കാരന്റെ അച്ഛന്റെ പേരിലുള്ള സ്ഥലത്തിന്റെ നികുതി സ്വീകരിക്കുന്നതിന് 5,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും, ആദ്യ ഗഡുവായി 3,000/- രൂപ കൈപ്പറ്റുകയും ചെയ്തിരുന്നു. തുടർന്ന് 25/3/2014 തീയതി ബാക്കി തുകയായ 2,000/- രൂപ വില്ലേജ് ഓഫീസിൽ വച്ച് കൈപ്പറ്റവേ കണ്ണൂർ വിജിലൻസ് യൂണിറ്റ് കൈയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ കെ.വിനോദ് കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. വിവിധ വകുപ്പുകളിലായി ആകെ ഏഴ് വർഷം കഠിന തടവിനും 50,000/-രൂപ പിഴ ഒടുക്കുന്നതിനുമാണ് തലശ്ശേരി വിജിലൻസ് കോടതി ഇന്ന് (20.03.2025) ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. കെ.രാമകൃഷ്ണൻ അണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. ഉഷാകുമാരി.കെ ഹാജരായി. പ്രതിയെ റിമാന്റ് ചെയ്ത് ജയിലിലടച്ചു.

സർക്കാർ ഓഫീസുകളിൽ കാര്യം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞോ സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കാനെന്ന് പറഞ്ഞോ പൈസ വാങ്ങുന്നതും, ആവശ്യപ്പെടുന്നതും കൈക്കൂലിയുടെ പരിധിയിൽ വരുന്നതും, ഇത്തരം കാര്യങ്ങൾ പറഞ്ഞ് പൈസ വാങ്ങിയാലോ ആവശ്യപ്പെട്ടാലോ ഭീക്ഷണിപ്പെടുത്തിയാലോ ഉടൻ തന്നെ വിജിലൻസിനെ അറിയിക്കേണ്ടതുമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.